# ക്രിസ്തുവിനു വേണ്ടി അന്തസ്സുറ്റ സ്ഥാനപതി ആയിരിക്കുന്ന വിധം

സാക് പുന്നൻ

WFTW 17 ജനുവരി 2016

2 കൊരിന്ത്യർ 5:20ൽ നാം ഇപ്രകാരം വായിക്കുന്നു: 'ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനപതികളായി നിങ്ങളോട് അപേക്ഷിക്കുന്നു.' യേശുക്രിസ്തുവിനു വേണ്ടി സ്ഥാനപതികളാകുക എന്നത് അതി മഹത്തായ ഒരു വിളിയാണ്. ദൈവത്തിൻറെ ഒരു യഥാർത്ഥ പൈതലിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ അന്തസ്സുണ്ട്. വളരെ ദരിദ്രമായ ഒരു രാജ്യത്തിൻറെ സ്ഥാനപതിയെ സംബന്ധിച്ചാണെങ്കിൽ പോലും അയാൾക്കൊരു അന്തസ്സുണ്ട്. ഒരു രാജ്യം എതമാത്രം വലിയതും ശക്തവുമാണോ അത്ര കണ്ട് കൂടുതൽ മഹത്വം ഉണ്ടായിരിക്കും അതിൻറെ സ്ഥാനപതിക്ക്. ഇന്തിയിലെ അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനപതിയെക്കുറിച്ചു ചിന്തിക്കുക അദ്ദേഹം പെരുമാറുന്നത് എത്ര അന്തസ്സോടെയാണ് എന്നു നിങ്ങൾക്കു സങ്കല്പിക്കാൻ കഴിയുമോ? കാരണം താൻ ഈ ലകത്തിലെ വൻശക്തികളിൽ ഏറ്റവും വലിയ ഒരു രാജ്യത്തെ പ്രതിനിധീകരിക്കുന്ന ഒരുവനാണെന്ന് അയാൾക്കറിയാം. വിലകുറഞ്ഞതോ അന്തസ്സില്ലാത്തതോ ആയ യാതൊന്നും അയാൾ ചെയ്യുകയില്ല. അയാൾ ആളുകളോട് പണം ആവശ്യപ്പെട്ടു കൊണ്ട് പോകുകയില്ല. അതുപോലെ തൻറെ രാജ്യത്തിൻറെ പേരിന് അപമാനം ഉണ്ടാക്കുന്നതൊന്നും അയാൾ ചെയ്യുകയില്ല. അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനപതി നിങ്ങളുടെ വീട്ടിൽ വന്നിട്ടു തൻറെ രാജ്യത്തെ സഹായിക്കാനായി കുറച്ചു പണത്തിനു വേണ്ടി നിങ്ങളോടു ചോദിക്കുന്നത് നിങ്ങൾക്കു സങ്കല്പിക്കുവാൻ കഴിയുമോ?

സ്യൂട്ട് ധരിച്ച് ഒരു മനുഷ്യൻ നിങ്ങളുടെ വാതിൽക്കൽ (അല്ലെങ്കിൽ ടെലിവഷനിൽ) പ്രത്യക്ഷപ്പെട്ടിട്ട് ഇപ്രകാരം പറയുന്നു എന്നു കരുതുക: 'ഞാൻ അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനപതിയാണ്. ഞങ്ങളുടെ രാജ്യത്തിനു കുറച്ചു പണത്തിൻറെ വലിയ ഒരു ആവശ്യമുണ്ട്. ഞങ്ങളുടെ പ്രവർത്തനത്തിനായി ഒരു നൂറു രൂപ സംഭാവന ചെയ്യുവാൻ നിങ്ങൾക്കു കഴിയുമോ?' നിങ്ങൾ എന്തു പറയും? നിങ്ങൾ ഇപ്രകാരം പറയും: 'നിങ്ങൾ വഞ്ചകനാണ്. നിങ്ങൾ അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനപതി അല്ല. അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനപതിക്ക് ഒരിക്കലും ഇതുപോലെ പണത്തിനു വേണ്ടി ഇരക്കാൻ കഴിയുകയില്ല.' ഇപ്പോൾ മറ്റൊരു മനുഷ്യൻ നിങ്ങളുടെ വാതിൽക്കൽ (അല്ലെങ്കിൽ ടെലിവിഷനിൽ) പ്രത്യക്ഷപ്പെട്ടിട്ട് ഇപ്രകാരം പറയുന്നു എന്നു കരുതുക: 'ഞാൻ കർത്താവായ യേശുക്രിസ്തുവിൻറെ സ്ഥാനപതിയാണ്. ഞങ്ങളുടെ വേലയ്ക്കു വേണ്ടി കുറച്ചു പണത്തിൻറെ വലിയ ആവശ്യത്തിലാണ് ഞങ്ങൾ. ഞങ്ങളുടെ പ്രവർത്തനങ്ങൾക്കായി നൂറു രൂപ സംഭാവന ചെയ്യുവാൻ നിങ്ങൾക്കു കഴിയുമോ?' നിങ്ങൾ അയാളെ വിശ്വസിക്കുകയും അയാൾക്കു പണം നൽകുകയും ചെയ്യും. എന്തുകൊണ്ട്? കാരണം അമേരിക്കയുടെ സ്ഥാനപതി അന്തസ്സുള്ള ഒരു വ്യക്തിയാണെന്നും അതേസമയം കർത്താവായ യേശുക്രിസ്തുവിൻറെ സ്ഥാനപതി ഒരു യാചകനാണെന്നും നിങ്ങൾ വിശ്വസിക്കുന്നു!

ഈ പ്രപഞ്ചത്തിൽ പരമോന്നത ശക്തി ഒന്നേയുള്ളു അതു സർവ്വശക്തനായ ദൈവത്തിൻറെ രാജ്യമാണ്. അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനപതി പ്രതിനിധീകരിക്കുന്നത് ഈ ഭൂമിയിലിലെ ഏറ്റവും വലിയ പരമോന്നത ശക്തിയെ ആയിരിക്കും. എന്നാൽ ഞാൻ ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ പരമോന്നത ശക്തിയുടെ സ്ഥാനപതിയാണെന്നു സർവ്വ വിനയത്തോടും കൂടെ എനിക്കു പറയാൻ കഴിയും. യേശുവിൻറെ ഒരു യഥാർത്ഥ ശിഷ്യൻ എന്നാൽ അതാണ്. അത്തരം ഒരു സ്ഥാനപതിയുടെ മാന്യതയോടെയാണോ നിങ്ങൾ നിങ്ങളെത്തന്നെ കാണിക്കുന്നത്? ക്രിസ്തീയ പ്രവർത്തകർ, അന്തസ്സില്ലാത്ത വിലകുറഞ്ഞ രീതിയിൽ ടെലിവിഷനിലും, അവരുടെ സഭായോഗങ്ങളിലും പ്രാർത്ഥനാ കത്തുകളിലൂടെയും

പണത്തിനായി യാചിക്കുക വഴി യേശുക്രിസ്തുവിൻറെ നാമം അപമാനിക്കപ്പെടുന്നതു കാണുമ്പോൾ അതെൻറെ ഹൃദയത്തെ ദുഃഖിപ്പിക്കുന്നു. സങ്കീർത്തനം 50:12ൽ യഹോവ അരുളിച്ചെയ്യുന്നു: 'എനിക്കു വിശന്നാൽ ഞാൻ നിന്നോടു പറകയില്ല, കാരണം ഭൂലോകവും അതിൻറെ നിറവും എൻറെതത്രേ.' അതു തന്നയാണ് ദൈവത്തിൻറെ ഒരു യഥാർത്ഥ ദാസനും പറയുന്നത്: 'എനിക്കു വിശക്കുകയോ അല്ലെങ്കിൽ ആവശ്യത്തിലാകുകയോ ചെയ്താൽ, ഞാൻ നിന്നോടു പറയുകയില്ല.സർവ്വ ഭൂമിയുടെയും ഉടയവനായ, സ്വർഗ്ഗസ്ഥനായ എൻറെ യജമാനനോടു ഞാൻ പറയും.'

ഒരു സ്ഥാനപതി എല്ലായ്പോഴും തൻറെ മാതൃദേശവുമായി ബന്ധത്തിലായിരിക്കണം. അവൻറെ സ്വന്ത രാജ്യവുമായി ബന്ധപ്പെടാത്ത ഒരു ദിവസംപോലും അവന് ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. അങ്ങനെ ജീവിക്കുവാനാണ് നാമും വിളിക്കപ്പെട്ടിരിക്കുന്നത്. ഇൻഡ്യയിൽ ദൈവത്തിൻറെ ദാസന്മാർ ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ പരമോന്നത ശക്തിയുടെ സ്ഥാനപതി എന്ന മാന്യതയോടെ തന്നത്താൽ പെരുമാറുന്ന ദിവസം കാണാൻ ഞാൻ ആഗ്രഹിക്കുന്നു അവർ പാവങ്ങളും സൈക്കിളിൽ മാത്രം യാത്ര ചെയ്യുന്നവരും ആയാൽ പോലും. അങ്ങനെയുള്ള എത്ര ക്രിസ്തീയ വേലക്കാരെ നിങ്ങൾ കണ്ടു മുട്ടിയിട്ടുണ്ട്? എല്ലായ്പോഴും ആളുകളോട് പണം ചോദിക്കുകയും, പണക്കാരുടെ പുറകേ പോകുകയും ചെയ്യുന്ന 'മാന്യതയുള്ള യാചക'രാണ് മിക്ക ക്രിസ്തീയ പ്രവർത്തകരും. അത് ദുഃഖകരമാണ്. നിങ്ങൾ യേശുക്രിസ്തുവിൻറെ ഒരു സ്ഥാനപതിയാണെന്ന് എപ്പോഴും ഓർക്കുക. നിങ്ങൾ എവിടെ പോയാലും ട്രെയിനിലോ ബസ്സിലോ യാത്ര ചെയ്യുമ്പോളോ അല്ലെങ്കിൽ, എവിടെ ആയാലും.

2 കൊരിന്ത്യർ 6:310ൽ യേശുക്രിസ്തുവിൻറെ സ്ഥാനപതിയായി താൻ തന്നെ എങ്ങനെ പെരുമാറി എന്നതിനെക്കുറിച്ചു പൗലൊസ് സംസാരിക്കുന്നു: 'ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കേണ്ടതിന് ഞങ്ങൾ ഒന്നിലും ഇടർച്ചയ്ക്കു ഹേതു കൊടുക്കാതെ സകലത്തിലും ഞങ്ങളെ തന്നെ ദൈവത്തിൻറെ ശുശ്രൂഷകന്മാരായി കാണിക്കുന്നു. ബഹു സഹിഷ്ണുത, കഷ്ടം, ബുദ്ധിമുട്ട്, സങ്കടം, തല്ല്, തടവ്, കലഹം, അധ്വാനം, ഉറക്കിളപ്പ്, പട്ടിണി എന്നിവയിലും, നിർമ്മലത, പരിജ്ഞാനം, ദീർഘക്ഷമ, ദയ, പരിശുദ്ധാത്മാവ്, നിർവ്യാജ സ്നേഹം, സത്യവചനം, ദൈവശക്തി എന്നവയിലും ഇടത്തും വലത്തും നീതിയുടെ ആയുധങ്ങൾ ധരിച്ചുകൊണ്ട് ഞങ്ങൾ പെരുമാറുന്നു. ചില സമയത്തു മറ്റുള്ളവരിൽ നിന്നു ഞങ്ങൾക്കു മാനം ലഭിക്കുന്നു. ചിലപ്പോൾ അപമാനം, ചിലർ ഞങ്ങളെ പ്രശംസിക്കുന്നു മറ്റു ചിലർ ഞങ്ങളെ കുറ്റപ്പെടുത്തുന്നു. ചിലർ ഞങ്ങളെക്കുറിച്ചു നന്മ പറയുന്നു. മറ്റു ചിലർ ഞങ്ങളെക്കുറിച്ചു തിന്മ പറയുന്നു. എന്നാൽ എല്ലാത്തിലും ഞങ്ങൾ ഞങ്ങളെത്തന്നെ യേശുക്രിസ്തുവിൻറെ സ്ഥാനപതി എന്നു കാണിക്കുന്നു. ചിലർ ഞങ്ങളെ ചതിയന്മാരെന്നു വിളിക്കുമ്പോൾ മറ്റു ചിലർ ഞങ്ങളെ ദൈവത്തിൻറ യഥാർത്ഥ ദാസന്മാർ എന്നു വിളിക്കുന്നു. ഞങ്ങൾ ഈ ലോകത്തിൽ അറിയപ്പെടാത്തവർ ആണ്. എന്നാൽ ദൈവജനത്തിൻറെ ഇടയിൽ നന്നായി അറിയപ്പെടുന്നു. ഞങ്ങൾ മരിക്കുന്നവർ എങ്കിലും ജീവിക്കുന്നു. ഞങ്ങൾ അനേകം കഷ്ടങ്ങളിലൂടെ കടന്നു പോകുന്നു എന്നാൽ ദൈവത്തിൻറെ സമയം ആകുന്നതു വരെ ഞങ്ങൾ മരിക്കയില്ല എന്നു ഞങ്ങൾ അറിയുന്നു. ഞങ്ങൾ ദൈവത്താൽ ശിക്ഷണം ചെയ്യപ്പെടുന്നു. എന്നാൽ ഞങ്ങൾ ഇപ്പോഴും മരിച്ചവർ അല്ല. ഞങ്ങൾ മിക്കപ്പോഴും ദുഃഖിതരാണ്. അത് ആളുകൾ ഞങ്ങളെ ഉപദ്രവിക്കുന്നു എന്ന കാരണത്താലല്ല, എന്നാൽ അനേകർ പാപത്തിൽ നഷ്ടപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള ഭാരത്തിലും അനേക വിശ്വാസികൾ ജഡികരാണ് എന്നതിനെക്കുറിച്ചുമാണ്. എങ്കിലും ഞങ്ങൾ എല്ലായ്പോഴും സന്തോഷിക്കുന്നു. കാരണം ഞങ്ങളുടെ സന്തോഷം ക്രിസ്തുവിലാണ്. ഭൗതികമായി ഞങ്ങൾ ദരിദ്രരാണ്. എന്നാൽ ഞങ്ങൾ അനേകരെ ആത്മീയമായി സമ്പന്നരാക്കുന്നു. ഒരു അർത്ഥത്തിൽ ഞങ്ങൾക്കൊന്നുമില്ല. എങ്കിലും മറ്റൊരർത്ഥത്തിൽ ഞങ്ങൾ എല്ലാം കൈവശം ഉള്ളവരാണ്.

കാരണം സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളതെല്ലാം ഞങ്ങളുടെ കൈവശമാണ്. എല്ലാം ഞങ്ങളുടെ നിശ്ചയപ്രകാരമാണ് നടക്കുന്നത്. ദൈവം ഞങ്ങൾക്കാവശ്യമുള്ളതെല്ലാം നൽകുന്നു. ബാങ്ക് അക്കൊണ്ടിൻറെ കാര്യത്തിൽ ഞങ്ങൾക്ക് അധികമൊന്നും ഉണ്ടായിരിക്കുകയില്ല. ഞങ്ങൾ മിക്കപ്പോഴും അന്നന്നത്തേക്കു ജീവിക്കുന്നവരാണ്. എന്നാൽ ദൈവം ഞങ്ങളെ കരുതുന്നു.' ഇങ്ങനെയാണ് പൗലൊസ് ജീവിച്ചത്. അദ്ദേഹം ഒരിക്കലും 'സമൃദ്ധിയുടെ സുവിശേഷ'ത്തിൽ വിശ്വസിച്ചിരുന്നില്ല.